**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 361** **04-10-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര, മേലടി ,പന്തലാനി ബ്ലോക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര, മേലടി, പന്തലാനി ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ ഗ്രേഡ് I , ഗ്രേഡ് II, ഗ്രേഡ് III ഓവർസിയറുമാരുടെയും എ. ഇ., എ. എക്സ്. ഇ. മാരുടെയും ഒഴിവുകൾ എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | മേലടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഒരു ഒഴിവ് നിലവിലുണ്ട്. നൊച്ചാട്, ചെങ്ങരോത്ത്, മൂടാടി ഗ്രാമപഞ്ചായത്തുകളിലും പന്തലായനി ബ്ലോക്ക് പഞ്ചായത്തിലും ഒന്നാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെറുവണ്ണൂർ, കായണ്ണ, കീഴരിയൂർ, മേപ്പയ്യൂർ, അരിക്കുളം ഗ്രാമപഞ്ചായത്തുകളിലും മേലടി ബ്ലോക്ക് പഞ്ചായത്തിലും രണ്ടാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ മൂന്നാം തരം ഓവർസിയറുടെ ഒരു ഒഴിവ് നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്താത്തത് കാരണം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | ഓവർസിയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒന്നാം തരം, രണ്ടാം തരം ഓവർസീയർ തസ്തികകളിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ